## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1029 | 28-04-2017 -ൽ മറുപടിക്ക്

# കടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്നതിനായി നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. കെ.ജെ. മാക്സി<br>ശ്രീ. യു. ആർ. പ്രദീപ്<br>ശ്രീ. എം. മുകേഷ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ മന്ത്രി)** |
| എ) | സംസ്ഥാനത്ത് അനുഭവപ്പെട്ടു കൊണ്ടിരിക്കുന്ന കടുത്ത വരൾച്ചയിൽ കടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) & ബി) | സംസ്ഥാനത്തെ കാലവർഷത്തിലുണ്ടായ ഗണ്യമായ മഴക്കുറവിനെ തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശുപാർശ പ്രകാരം 31.10.2016-ൽ സംസ്ഥാനത്തെ മുഴുവൻ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിക്കുകയും തുടർന്ന് വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഏകോപിപ്പിച്ച് നടത്തുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. ജില്ലാ തലത്തിലും താലൂക്ക് തലത്തിലും തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലും അവലോകന യോഗങ്ങൾ ചേർന്നുകൊണ്ടും ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ സാന്നിധ്യത്തിൽ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തിയും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി വരുന്നു. ജല സംരക്ഷണത്തിനായി താത്കാലിക ചെക്ക് ഡാമുകൾ നിർമ്മിക്കുകയും കിണറുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ള സ്രോതസുകൾ മലിനമാക്കാതെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. രൂക്ഷമായ വരൾച്ചയെ തുടർന്ന് ജലം ഉപയോഗിക്കുന്നതിന് മുൻഗണനാക്രമം നിശ്ചയിക്കുകയും 2017 മെയ് മാസം അവസാനം വരെ കുടിവെള്ളത്തിന് പ്രഥമ പരിഗണന നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു. പൊതുജനങ്ങൾക്ക് സൗജന്യമായി കുടിവെള്ളം ഉറപ്പാക്കുന്നതിനായി ഭൂജലാധിഷ്ഠിത വ്യവസായങ്ങൾക്ക് അവയുടെ ജല ഉപഭോഗം |
| ബി) | വരൾച്ച മൂലം കൃഷിനാശം ഉണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | കുറയ്ക്കുന്നതിനും സ്വകാര്യ കുഴൽകിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുവാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകി. സംസ്ഥാനത്ത് ആകെ 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ഭരണാനുമതിയും ഫണ്ടും നൽകിയിരുന്നു. അത് പ്രകാരം വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും കുടിവെള്ള വിതരണം നടത്തിവരുന്നു. ജില്ലകളുടെ വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബഹു:മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി എന്നിവർ വിവിധ വീഡിയോ കോൺഫറൻസുകൾ വഴി വിലയിരുത്തിയിരുന്നു. സംസ്ഥാനത്ത് കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31/05/2017 വരെ മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.<br>കൃഷിനാശം സംബന്ധിച്ച് കൃഷി വകുപ്പിൽ നിന്നും ലഭ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വരൾച്ച സംബന്ധിച്ച് തയ്യാറാക്കിയ മെമ്മോറാണ്ടം കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരുന്നു. സംസ്ഥാനത്ത് വരൾച്ച പ്രഖ്യാപിച്ച സാഹചര്യത്തിൽ ജില്ലാ കളക്ടർമാരുടെ അഭ്യർത്ഥന പ്രകാരം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം കൃഷി നാശത്തിന് ആശ്വാസ സഹായം അനുവദിച്ചിരുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായം (Relief assistance) മാത്രമാണ് അനുവദനീയമായിട്ടുള്ളത്. |
| സി) | വരൾച്ച മൂലമുണ്ടായ കെടുതികൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ; കേന്ദ്രത്തിൽനിന്നും ദുരിതാശ്വാസം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) | വരൾച്ച മൂലം സംസ്ഥാനത്തുണ്ടായ നാശ നഷ്ടം സംബന്ധിച്ച വിവരങ്ങൾ വിവിധ വകുപ്പുകളിൽ നിന്ന് ശേഖരിച്ച് ക്രോഡീകരിച്ച് മെമ്മോറാണ്ടം തയ്യാറാക്കുകയും അത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനെത്തുടർന്ന് കേന്ദ്ര സംഘം സംസ്ഥാനത്തെ വരൾച്ചാ സ്ഥിതിഗതികൾ വിലയിരുത്തുന്നതിന് സംസ്ഥാനത്തെ വിവിധ ജില്ലകളിൽ എപ്രിൽ 19 മുതൽ 21 വരെ സന്ദർശനം നടത്തിയിരുന്നു.<br>കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള അധിക സഹായ അഭ്യർത്ഥനയ്ക്കു പുറമെ, വരൾച്ച പരിഗണിച്ച് കേരളത്തിന് സൗജന്യമായി ഭക്ഷ്യ ധാന്യങ്ങളും, മണ്ണെണ്ണയും |

| | | | |
|---|---|---|---|
| | | | നൽകുവാനും, തൊഴിലുറപ്പ് പദ്ധതിയിൽ അധികം ജോലി സമയം അനുവദിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ 50 അധിക തൊഴിൽ ദിനങ്ങൾ നിലവിൽ കേന്ദ്രം അനുവദിച്ചു. |

സെക്ഷൻ ഓഫീസർ